## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി.കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 19/10/2023 തീയതിയിലെ DWCD/2499/2025/E8 നമ്പർ ഉത്തരവ്

2) ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ

ഉത്തരവ് നം:DWCD/3/2025-E7 തീയതി: 06-01-2026

വനിതാ ശിശുവികസന വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരു ജീവനക്കാരൻ വിരമിച്ചത് മുഖേന ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.പരാമർശം (1) പ്രകാരം നിലവിലുള്ള ഹെഡ് അക്കൗണ്ടന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം.(23) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ ജീവനക്കാർക്ക് ഇതിനോടകം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്. ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച ശ്രീമതി ബീന എ.ഒ-യ്ക്ക് (സീനിയോരിറ്റി നം.24) ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് പരാമർശം (2) പ്രകാരം ലഭിച്ച സ്ഥലംമാറ്റ അപേക്ഷകളും 2025 ലെ കൂ ലിസ്റ്റും പരിഗണിച്ച് ചുവടെ പറയുംപ്രകാരം സ്ഥലംമാറ്റം അനുവദിച്ചും ഉദ്യോഗക്കയറ്റത്തിന് അർഹയായ മേൽ സൂചിപ്പിച്ചിട്ടുള്ള ഹെഡ് അക്കൗണ്ടന്റിന് KS&SSR ചട്ടം 28A(1) പ്രകാരം 43400-91200/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജൂനിയർ സൂപ്രണ്ട്-സ്ഥലംമാറ്റം**

| ക്രമ നം | പേര് ,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ ബിനേഷ് കെ.ടി<br>ഐ.സി.ഡി.എസ് ഇടുക്കി | ഐ.സി.ഡി.എസ്<br>നോർത്ത് പറവൂർ | അപേക്ഷ<br>(2025<br>പൊതുസ്ഥലംമാറ്റം) |
| 2 | ശ്രീ സുരേഷ് സി.എം<br>ഐ.സി.ഡി.എസ് പരപ്പ<br>അഡീഷണൽ | ഐ.സി.ഡി.എസ് ഇടുക്കി | അപേക്ഷ |

**ജൂനിയർ സൂപ്രണ്ട്-ഉദ്യോഗക്കയറ്റം**

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി ബീന എ.ഒ<br>ഹെഡ് അക്കൗണ്ടന്റ്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ് ,കൊല്ലം<br>പെൻ നം.417943 | ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് പരപ്പ<br>അഡീഷണൽ |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയ്ക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

സ്ഥലംമാറ്റം/ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജീവനക്കാരുടെ വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

HARITHA V KUMAR IAS
വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്

2) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്

3) സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Suriak

സൂപ്രണ്ട്